© LifeDay
www.lifeday.in

# കൊറോണക്കാലത്തെ പ്രാർത്ഥന

(കുടുംബങ്ങളിലും സമൂഹങ്ങളിലും വ്യക്തിപരമായും ചൊല്ലാവുന്നത്)

**ഫാ. ജോർജ് കടൂപ്പാറയിൽ MCBS**

## ആരംഭപ്രാർത്ഥന

**നേതാവ്:** പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമ്മേൻ.

**നേതാവ്:** സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ, അങ്ങയുടെ രാജ്യം വരേണമേ, അങ്ങയുടെ തിരുമനസ്സ് സ്വർഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ.

അന്നന്നുവേണ്ട ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ. ഞങ്ങളോട് തെറ്റു ചെയ്യുന്നവരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടും ക്ഷമിക്കണമേ. ഞങ്ങളെ പ്രലോഭനങ്ങളിൽ ഉൾപ്പെടുത്തരുതേ. തിന്മയിൽ നിന്ന് ഞങ്ങളെ രക്ഷിക്കണമേ, ആമ്മേൻ.

**നേതാവ്:** പിതാവായ ദൈവമേ, പുത്രനായ ഈശോയേ, സഹായകനായ പരിശുദ്ധാത്മാവേ, ഞങ്ങൾ അങ്ങയെ ആരാധിക്കുകയും സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്നു. ഞങ്ങളെ സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്നതിന് ഞങ്ങളങ്ങേയ്ക്ക് നന്ദി പറയുന്നു. ഞങ്ങളുടെ ജീവനും ജീവിതവും അങ്ങയുടെ സമ്മാനമാണെന്നു ഞങ്ങൾക്കറിയാം. ഞങ്ങളുടെ ആയുസ്സും ആരോഗ്യവും അങ്ങയുടെ ദാനമാണെന്നു ഞങ്ങൾ മനസ്സിലാക്കുന്നു. ഇതുവരെയുള്ള ജീവിതത്തിൽ അങ്ങു തന്ന എല്ലാ അനുഗ്രഹങ്ങൾക്കും ഇനി നൽകാനിരിക്കുന്ന നന്മകൾക്കും ഞങ്ങൾ അങ്ങയോട് നന്ദി ചൊല്ലുന്നു.

വലിയ വേദനയോടും ആകുലതയോടും കൂടെ ഇപ്പോൾ ഞങ്ങൾ അങ്ങയുടെ സന്നിധിയിലായിരിക്കുന്നു. ലോകം മുഴുവൻ വ്യാപിച്ചുകൊണ്ടിരിക്കുന്ന ഒരു മഹാവ്യാധി ഞങ്ങളെ പരിഭ്രാന്തരാക്കുന്നു. അങ്ങിലുള്ള വിശ്വാസവും അങ്ങ് എല്ലാം ക്രമപ്പെടുത്തുമെന്നുള്ള പ്രത്യാശയും മാത്രമാണ് ഞങ്ങളുടെ കൈമുതൽ. അങ്ങ് ഞങ്ങളെ ഒരിക്കലും കൈവെടിയരുതേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേയ്ക്കും,

ആമ്മേൻ.

## സുവിശേഷ വായന (മർക്കോ. 4:35-40)

*"അന്ന് സായാഹ്നമായപ്പോൾ അവൻ അവരോടു പറഞ്ഞു: നമുക്ക് അക്കരയ്ക്കു പോകാം. അവർ ജനക്കൂട്ടത്തെ വിട്ട്, അവൻ ഇരുന്ന വഞ്ചിയിൽത്തന്നെ അവനെ അക്കരയ്ക്കു കൊണ്ടുപോയി. വേറെ വള്ളങ്ങളും കൂടെയുണ്ടായിരുന്നു. അപ്പോൾ ഒരു വലിയ കൊടുങ്കാറ്റുണ്ടായി. തിരമാലകൾ വഞ്ചിയിലേയ്ക്ക് ആഞ്ഞടിച്ചു കയറി. വഞ്ചിയിൽ വെള്ളം നിറഞ്ഞുകൊണ്ടിരുന്നു. യേശു അമരത്ത് തല വച്ച് ഉറങ്ങുകയായിരുന്നു. അവർ അവനെ വിളിച്ചുണർത്തി പറഞ്ഞു: ഗുരോ, ഞങ്ങൾ നശിക്കാൻ പോകുന്നു. നീ അത് ഗൗനിക്കുന്നില്ലേ? അവനുണർന്ന് കാറ്റിനെ ശാസിച്ചുകൊണ്ട് കടലിനോടു പറഞ്ഞു: അടങ്ങുക; ശാന്തമാവുക. കാറ്റ് ശമിച്ചു; പ്രശാന്തത ഉണ്ടായി. അവൻ അവരോടു ചോദിച്ചു: നിങ്ങൾ ഭയപ്പെടുന്നതെന്ത്? നിങ്ങൾക്കു വിശ്വാസമില്ലേ?"*

**ഞങ്ങൾ നശിക്കാൻ പോകുന്നു. നീ അത് ഗൗനിക്കുന്നില്ലേ എന്ന് ശിഷ്യന്മാർ നിലവിളിച്ചു പറഞ്ഞപ്പോൾ അങ്ങ് ചോദിച്ചല്ലോ: നിങ്ങൾ ഭയപ്പെടുന്നതെന്ത്; നിങ്ങൾക്കു വിശ്വാസമില്ലേ എന്ന്. ഈശോയേ, ഇപ്പോഴത്തെ ഞങ്ങളുടെ വിശ്വാസം അതുമാത്രമാണ്. അങ്ങ് ഞങ്ങളെ രക്ഷിക്കും എന്ന് ഞങ്ങൾ ഉറച്ചുവിശ്വസിക്കുന്നു**

## മദ്ധ്യസ്ഥപ്രാർത്ഥനകൾ

### 1. ലോകം മുഴുവനും വേണ്ടി

**നേതാവ്:** കൊറോണ വൈറസ് വ്യാപനം മൂലം അസ്വസ്ഥതയിലേയ്ക്കും അശാന്തിയിലേയ്ക്കും അസമാധാനത്തിലേയ്ക്കും ആണ്ടുപോയ ഈ ലോകം മുഴുവനെയും അങ്ങയുടെ സന്നിധിയിലേയ്ക്ക് ഞങ്ങൾ സമർപ്പിക്കുന്നു. അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങൾ എന്റെ അടുത്തു വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം (മത്തായി 11:28) എന്ന് അരുൾചെയ്ത ഈശോയേ, ഈ ലോകത്തിലെ സർവ്വ അസ്വസ്ഥതകളെയും വേദന നിറഞ്ഞ അവസ്ഥകളെയും അങ്ങയുടെ മുമ്പിൽ സമർപ്പിച്ചുകൊണ്ട് ആശ്വാസത്തിനായി ഞങ്ങൾ അങ്ങയോട് പ്രാർത്ഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

### 2. വാർദ്ധക്യത്തിലുള്ളവർക്കും കുഞ്ഞുങ്ങൾക്കും മറ്റുള്ളവർക്കും വേണ്ടി

**നേതാവ്:** നിങ്ങളുടെ ഉത്കണ്ഠകളെല്ലാം അവിടുത്തെ ഏൽപിക്കുവിൻ (1 പത്രോസ് 5:6) എന്ന് വി. പത്രോസ് ശ്ലീഹായിലൂടെ അരുൾചെയ്ത ഈശോയേ, ഈ രോഗത്തെക്കുറിച്ചുള്ള ഞങ്ങളുടെ ഉൽകണ്ഠകളെല്ലാം അങ്ങയെ ഞങ്ങൾ ഭരമേൽപ്പിക്കുന്നു. ഈ രോഗത്തിന് പെട്ടെന്ന് കീഴ്പ്പെടാൻ സാധ്യതയുള്ള രോഗപ്രതിരോധശേഷി കുറഞ്ഞവരെയും വാർദ്ധക്യത്തിലേയ്ക്കു പ്രവേശിച്ചവരെയും കുഞ്ഞുങ്ങളെയും മറ്റുള്ളവരെയും ഞങ്ങൾ സമർപ്പിക്കുന്നു. എല്ലാ അപകടങ്ങളിൽ നിന്നും അങ്ങ് അവരെ സംരക്ഷിക്കണമേ. അനിശ്ചിതത്വത്തിന്റെ ഈ കാലത്ത് അവർക്ക് ആശ്വാസവും അതിജീവിക്കാനുള്ള കരുത്തും നൽകണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

### 3. രോഗികൾക്കു വേണ്ടി

**നേതാവ്:** ഈശോയേ, അങ്ങയുടെ പരസ്യജീവിതകാലത്ത് അങ്ങ് രോഗികൾക്ക് സൗഖ്യം നൽകുകയും ശാരീരികവും മാനസികവും ആത്മീയവുമായ ഉണർവിലേയ്ക്ക് അനേകരെ നയിക്കുകയും ചെയ്തിട്ടുണ്ടല്ലോ (മർക്കോ. 1:34). ഇപ്പോൾ, ഈ രോഗം ബാധിച്ച എല്ലാ മനുഷ്യർക്കും അങ്ങയുടെ സ്നേഹം നിറഞ്ഞ സാന്നിധ്യം നൽകേണമെ. ചികിത്സയിലൂടെയും ക്വാറന്റൈൻ കാലയളവിലൂടെയും കടന്നുപോകുന്നവരിൽ നിന്ന് ഭയവും അസ്വസ്ഥതയും ഒറ്റപ്പെട്ടു എന്ന ചിന്തയും അങ്ങ് മാറ്റേണമേ. അവരെ ശുശ്രൂഷിക്കുന്നവരുടെ ആശങ്കകളും ഞങ്ങൾ അങ്ങയുടെ മുമ്പിൽ സമർപ്പിക്കുന്നു. തങ്ങളുടെയും മറ്റുള്ളവരുടെയും നന്മയ്ക്കുവേണ്ടിയാണ് തങ്ങൾ ഇപ്പോൾ ഒറ്റയ്ക്കായിരിക്കുന്നത് എന്ന ഭാവാത്മകചിന്തയും, സുഖപ്പെടും എന്ന ശുഭാപ്തിവിശ്വാസവും അവരിൽ ജനിപ്പിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

### 4. ആരോഗ്യപ്രവർത്തകർക്കു വേണ്ടി

**നേതാവ്:** കർത്താവായ ഈശോയേ, കൂടുതൽ മനുഷ്യർ രോഗികളായി മാറിക്കൊണ്ടിരിക്കുന്ന ഈ സമയത്ത് അവർക്കുവേണ്ടി സ്വന്തം സൗകര്യങ്ങളും ആരോഗ്യവും സമയവും പരിഗണിക്കാതെ അദ്ധ്വാനിച്ചുകൊണ്ടിരിക്കുന്ന ഡോക്ടർമാർ, നഴ്സുമാർ, മറ്റ് ആരോഗ്യപ്രവർത്തകർ, നിയമപാലകർ, സാമൂഹ്യപ്രവർത്തകർ, ശാസ്ത്രജ്ഞർ എന്നിവരെ സമർപ്പിക്കുന്നു. രോഗം പകരാനുള്ള കൂടുതൽ സാധ്യതകളും പരിമിതമായ പ്രതിരോധ സംവിധാനങ്ങളിലുമാണ് അവർ പ്രവർത്തിക്കുന്നത്. അവരുടെ കുടുംബാംഗങ്ങൾക്കും സമൂഹാംഗങ്ങൾക്കും അവരെ ഓർത്തുള്ള ആകുലതകളെ അങ്ങ് കാണേണമേ. "മരണത്തിന്റെ നിഴൽ വീണ താഴ്വരയിലൂടെയാണ് സഞ്ചരിക്കുന്നതെങ്കിലും അങ്ങ് കൂടെയുള്ളതിനാൽ ഞാൻ ഭയപ്പെടുകയില്ല" (സങ്കീ. 23:4) എന്ന വചനം എല്ലാ രോഗീശുശ്രൂഷകർക്കും പ്രത്യാശയും ബലവും നൽകട്ടെ. ശാരീരികവും മാനസികവുമായ ശക്തി അങ്ങ് അവർക്ക് പ്രദാനം ചെയ്യേണമേ. അവരുടെ സാന്നിധ്യം രോഗികളിലും മറ്റു ജനങ്ങളിലും ആത്മവിശ്വാസം വർ

ദ്ധിപ്പിക്കട്ടെ. അങ്ങയുടെ സംരക്ഷണത്തിന്റെ കരം അവരുടെമേൽ എപ്പോഴും ഉണ്ടായിരിക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

### 5. ഭവനങ്ങളിൽ കഴിയുന്നവർക്കു വേണ്ടി

**നേതാവ്:** ഈശോയേ, ഞങ്ങൾ ഭൂരിപക്ഷം പേരും സ്വന്തം ഭവനങ്ങളിലും തൊഴിൽ തേടിപ്പോയ ഇടങ്ങളിലെ താമസസ്ഥലങ്ങളിലും സ്വദേശത്തും വിദേശത്തുമായി പുറത്തിറങ്ങാനാവാതെ കഴിയുകയാണ്. അടഞ്ഞുകിടക്കുന്ന ബിസിനസ്സ് സ്ഥാപനങ്ങളും തൊഴിലിടങ്ങളും സ്കൂളുകളും പുതിയ അനുഭവമായി ലോകമെങ്ങും മാറിയിരിക്കുന്നു. ഞങ്ങളിൽ പലരും സാമ്പത്തിക പ്രതിസന്ധിയിലാണ്. വിഭവങ്ങളുടെയും അവശ്യസാധനങ്ങളുടെയും ക്ഷാമമുണ്ടാകുമോ എന്ന് ഞങ്ങൾ ഭയപ്പെടുന്നു. ദേവാലയങ്ങളിൽ പോയി വിശുദ്ധ കുർബാനയിൽ പങ്കെടുക്കാൻ സാധിക്കാത്തതും അങ്ങയെ സ്വീകരിക്കാൻ പറ്റാത്തതും ഞങ്ങളുടെ ജീവിതത്തിലെ ആദ്യ അനുഭവമാണ്. ഇത്തരമൊരു സാഹചര്യത്തെ മനസ്സിലാക്കാനും അംഗീകരിക്കാനും ഞങ്ങളെ അങ്ങ് സഹായിക്കേണമേ. പുറത്തിറങ്ങാൻ പറ്റാതിരിക്കുമ്പോഴും സ്നേഹത്തോടും സൗമ്യതയോടും കൂടെ എല്ലാവരോടും പെരുമാറാൻ അങ്ങ് ഞങ്ങളെ അനുഗ്രഹിക്കണമേ. വിനാശത്തിന്റെ കൊടുങ്കാറ്റ് കടന്നുപോകുവോളം ഞാൻ അങ്ങയുടെ ചിറകിൻ കീഴിൽ ശരണം പ്രാപിക്കുന്നു (സങ്കീ. 57:1) എന്ന സങ്കീർത്തകന്റെ മനോഭാവത്തോടെ ജീവിക്കാനും, ഈ സാഹചര്യത്തെ സംയമനത്തോടെ അതിജീവിക്കാനും, വിശ്വാസജീവിതത്തിൽ അടിയുറച്ച് മുന്നേറാനും വേണ്ട കരുത്ത് ഞങ്ങൾക്കെല്ലാവർക്കും നൽകണമേ എന്നും അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

### 6. ഭരണാധികാരികൾക്കു വേണ്ടി

**നേതാവ്:** ദൈവമേ, ഞങ്ങളുടെ ഭരണാധികാരികളെ ഞങ്ങൾ അങ്ങേ സന്നിധിയിൽ സമർപ്പിക്കുന്നു. അവരുടെ തീരുമാനങ്ങളാണ് ഇപ്പോഴത്തെ ഞങ്ങളുടെ ജീവിതങ്ങളെ നിയന്ത്രിക്കുന്നതും ഞങ്ങളുടെ കുടുംബങ്ങളുടെയും സമൂഹങ്ങളുടെയും രാജ്യങ്ങളുടെയും ലോകം മുഴുവന്റെയും ഭാവി ക്രമപ്പെടുത്തുന്നതും. ''രാജാക്കന്മാർ ഭരിക്കുന്നതും അധികാരികൾ നീതി നടത്തുന്നതും ഞാൻ മുഖേനയാണ്'' (സുഭാ. 8:15) എന്ന് അങ്ങ് അരുൾചെയ്തിട്ടുണ്ടല്ലോ. വിജ്ഞാനവും വിവേകവും നിറഞ്ഞ തീരുമാനങ്ങളെടുക്കാൻ അങ്ങ് അവരെ സഹായിക്കേണമേ. അവരിലൂടെ ഞങ്ങളിലേയ്ക്ക് വരുന്ന സന്ദേശങ്ങൾ വ്യക്തവും സത്യസന്ധവും സമാധാനം നൽകുന്നതുമാകട്ടെ. സത്യവും സഹാനുഭൂതിയും നിറഞ്ഞുനിൽക്കുന്ന അവരുടെ വാക്കുകൾ ഉൾക്കൊണ്ട് പ്രവർത്തിക്കാൻ എല്ലാ ജനങ്ങൾക്കും സാധിക്കട്ടെ. ലോകത്തിലെ എല്ലാ രാഷ്ട്രത്തലവന്മാരെയും അവരോടു ചേർന്നു പ്രവർത്തിക്കുന്നവരെയും അങ്ങയുടെ പക്കലേയ്ക്ക് സമർപ്പിച്ച് അവർക്കുവേണ്ടി അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

### 7. മറ്റു രോഗങ്ങളാൽ വലയുന്നവർക്കു വേണ്ടി

**നേതാവ്:** ഇപ്പോൾ ഞങ്ങളെ ഗ്രസിച്ചിരിക്കുന്ന ഈ മഹാവ്യാധിയുടെ ശമനത്തിനായി പ്രാർത്ഥിക്കുന്നതോടൊപ്പം മറ്റു രോഗങ്ങളാൽ വലയുന്നവരെയും ഞങ്ങൾ അങ്ങയുടെ തൃപ്പാദത്തിങ്കൽ കാഴ്ചവയ്ക്കുന്നു. വ്യത്യസ്തങ്ങളായ അസുഖങ്ങളാൽ കഷ്ടപ്പെടുന്നവർ ഞങ്ങൾക്കിടയിലുണ്ട്. ഇപ്പോഴത്തെ സാഹചര്യത്തിൽ കൃത്യമായ വൈദ്യപരിശോധനയോ ചികിത്സയോ അവർക്ക് ലഭ്യമാകുന്നില്ല. ഞങ്ങളുടെ കണ്ണീർ തുടച്ചുനീക്കുന്ന കർത്താവേ, (വെളി. 21:4) വിവിധ രോഗങ്ങളാൽ ക്ലേശിക്കുന്ന ഞങ്ങളുടെ സഹോദരങ്ങൾക്ക് ആശ്വാസവും രോഗശമനവും ആരോഗ്യവും പ്രദാനം ചെയ്യണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**8. പ്രത്യേക നിയോഗങ്ങൾക്കു വേണ്ടി**

**നേതാവ്:** വിശ്വാസത്തോടെയുള്ള പ്രാർത്ഥന രോഗിയെ സുഖപ്പെടുത്തും (യാക്കോബ് 5:15) എന്ന വി. യാക്കോബിന്റെ വാക്കുകൾ ഞങ്ങൾ ഓർമ്മിക്കുന്നു. ലോകത്തിലെ എല്ലാ മനുഷ്യർക്കും വേണ്ടി പ്രാർത്ഥിക്കുന്നതോടൊപ്പം ഞങ്ങളുടെ പ്രിയപ്പെട്ട ............................................ (ഇവിടെ രോഗികളായ നമ്മുടെ പ്രിയപ്പെട്ടവരുടെ പേരുകൾ പറയുക) എന്നിവരെ അങ്ങയുടെ സൗഖ്യദായകമായ കരങ്ങളിലേയ്ക്ക് സമർപ്പിക്കുന്നു. അങ്ങയുടെ പ്രത്യേകമായ കടാക്ഷം ഇവരിലേയ്ക്ക് ഉണ്ടാകണമെന്നും ഇവരെ സുഖപ്പെടുത്തണമെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**9. മരണമടഞ്ഞവർക്കു വേണ്ടി**

**നേതാവ്:** ദിവ്യകാരുണ്യ ഈശോയേ, ഇതുവരെ ഈ രോഗം ബാധിച്ച് അനേകം പേർ മരണമടഞ്ഞിട്ടുണ്ട്. ശാരീരികവും മാനസികവുമായ വലിയ വേദനയുടെയും ഒറ്റപ്പെടലിന്റെയും അവസ്ഥയിൽക്കൂടി കടന്നുപോയാണ് അവർ ഈ ലോകത്തിൽ നിന്നും യാത്രയായത്. നേരത്തെ ആഗ്രഹിച്ചതുപോലെ ഒരുങ്ങിയോ പ്രാർത്ഥിച്ചോ ആയിരിക്കില്ല അവരിൽ പലരും മരണത്തിലേയ്ക്ക് പ്രവേശിച്ചത്. എങ്കിലും, ഹൃദയങ്ങൾ കാണുന്ന സർവ്വശക്തനായ ദൈവമേ, (സങ്കീ. 139:1) അങ്ങയുടെ കരുണയാൽ അവരുടെ കുറവുകൾ പരിഹരിക്കണമെന്നും, ഞങ്ങളുടെ പ്രാർത്ഥനകളും യാചനകളും പരിഗണിച്ച് അവരെ അങ്ങയുടെ രാജ്യത്തിൽ പ്രവേശിപ്പിക്കണമെന്നും ഞങ്ങൾ അങ്ങയോടു പ്രാർത്ഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

## സമാപന പ്രാർത്ഥന

സൗഖ്യദായകനായ ഈശോയേ, നാടുനീളെ നന്മ ചെയ്തും അത്ഭുതങ്ങൾ പ്രവർത്തിച്ചും രോഗികളെ സുഖപ്പെടുത്തിയും അങ്ങ് സഞ്ചരിച്ചുവല്ലോ. അങ്ങയുടെ ആജ്ഞയാൽ രോഗികൾ സുഖംപ്രാപിച്ചു. ഇപ്പോൾ ഞങ്ങളെയും സുഖപ്പെടുത്താൻ അങ്ങ് കടന്നുവരേണമേ. ലോകമെമ്പാടും വ്യാപിച്ചിരിക്കുന്ന കൊറോണ വൈറസ് വ്യാധിയിൽ നിന്നും ഞങ്ങളെ എല്ലാവരെയും സംരക്ഷിക്കണമേ. ഇതിനെ തടയാനും ഇല്ലാതാക്കാനും ഫലപ്രദമായ മരുന്നുകൾ കണ്ടുപിടിക്കാനുള്ള ഞങ്ങളുടെ ശ്രമങ്ങളെ വിജയിപ്പിക്കേണമേ.

ഈ രോഗം മൂലം മരണമടഞ്ഞവരെ അങ്ങ് നിത്യജീവനിലേയ്ക്ക് പ്രവേശിപ്പിക്കേണമേ. ഈ രോഗം ബാധിച്ചവരെ സുഖപ്പെടുത്തേണമേ. ഈ രോഗം പടരാതെ ഈ ലോകത്തെ രക്ഷിക്കേണമെ. ഞങ്ങളുടെ പ്രായമായവരെയും കുഞ്ഞുങ്ങളെയും യുവതീയുവാക്കളെയും അങ്ങ് സംരക്ഷിക്കേണമേ. ഞങ്ങളുടെ ആരോഗ്യപ്രവർത്തകരുടെയും രാഷ്ട്രനേതാക്കളുടെയും ശാസ്ത്രജ്ഞന്മാരുടെയും കൂടെ അങ്ങ് ഉണ്ടായിരിക്കേണമേ. അസാധാരണമായ ഈ അവസ്ഥയിൽ പകച്ചുനിൽക്കുന്ന ഞങ്ങളിലേയ്ക്ക് അങ്ങയുടെ പ്രത്യാശയും ധൈര്യവും കടത്തിവിടേണമേ. എപ്പോഴും ഞങ്ങളുടെ കൂടെ ഉണ്ടായിരിക്കേണമേ.

ഞങ്ങളുടെ മാർപാപ്പായോടും സഭാതലവനോടും രൂപതാദ്ധ്യക്ഷനോടും ലോകമെമ്പാടുമുള്ള സഭയോടും ചേർന്ന് ഈ പ്രാർത്ഥന അങ്ങയുടെ സന്നിധിയിൽ ഞങ്ങൾ സമർപ്പിക്കുന്നു.

പിതാവായ ദൈവത്തിന്റെ സ്നേഹവും പുത്രനായ ദൈവത്തിന്റെ സംരക്ഷണവും പരിശുദ്ധാത്മാവായ ദൈവത്തിന്റെ സഹവാസവും എപ്പോഴും ഞങ്ങളോടു കൂടെ ഉണ്ടായിരിക്കട്ടെ. ആമ്മേൻ.

പരിശുദ്ധ കന്യകാമറിയമേ, *ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ,*
വി. യൗസേപ്പിതാവേ, *ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ,*
സകല വിശുദ്ധരേ, *ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ,*
കാവൽ മാലാഖമാരേ, *ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ,*

*പരിശുദ്ധ പരമ ദിവ്യകാരുണ്യത്തിന്, എന്നേരവും ആരാധനയും സ്തുതിയും പുകഴ്ചയും ഉണ്ടായിരിക്കട്ടെ* (3 പ്രാവശ്യം).

*(സ്വകാര്യ ഉപയോഗത്തിന്)*